# സമ്പന്നൻ

താൻ വളരെ ദരിദ്രനാണ് എന്ന ദുഃഖം സദാ അലട്ടിക്കൊണ്ടിരുന്ന ഒരുവൻ തനിക്ക് ആശ്വാസം ലഭിക്കുന്നതിനായി അന്നാട്ടിലെ പ്രശസ്തനായ ഒരു സൂഫിയെ സമീപിച്ചു. ദരിദ്രന്റെ ആവലാതികൾ കേട്ട ശേഷം സൂഫി പുഞ്ചിരിയോടെ പറഞ്ഞു:

“നിങ്ങൾ ദരിദ്രനാണെന്ന് ഞാൻ കരുതുന്നില്ല. നിങ്ങൾ അഞ്ചു നിധികളുടെ ഉടമയാണ്. ഇപ്പോൾ തന്നെ നിങ്ങൾ അവ മറ്റുള്ളവർക്കായി പങ്കുവെക്കാത്തതാണ് പ്രശ്നം.”



ദരിദ്രനായ മനുഷ്യൻ ആ വാക്കുകൾ കേട്ട് അതിശയിച്ചു. സൂഫി അയാൾക്ക് മനസ്സിലാകാൻ പാകത്തിൽ ആ നിധികളെപ്പറ്റി വിസ്തരിച്ചു: “ആദ്യത്തേത് പുഞ്ചിരിയാണ്. ആ പുഞ്ചിരി മറ്റൊരുവന് നൽകുമ്പോൾ അവനിൽ സന്തോഷം വിടരും. പറഞ്ഞറിയിക്കാൻ പറ്റാത്തതാണ് ഒരു പുഞ്ചിരിയുടെ വില. അടുത്തത് കണ്ണുകളാണ്. സഹാനുഭൂതിയോടും സ്നേഹത്തോടും കൂടി മറ്റുള്ളവരെ നോക്കാനവ ഉപകരിക്കും. ശരിയാം വിധം കണ്ണുകളെ ഉപയോഗിക്കുന്നുവെങ്കിൽ അത് ലോകത്തിന് ഉപകാരമായിത്തീരും.

മൂന്നാമത്തേത് വാക്കുകളാണ്. വാക്കുകൾ കൊണ്ട് നിങ്ങൾക്ക് മറ്റുള്ളവരെ അഭിനന്ദിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും പ്രചോദനം പകരുവാനും കഴിയും. നിങ്ങൾ വാക്കുകളെ ശരിയാംവിധം ഉപയോഗിച്ചാൽ മതി. നാലാമത്തേത് ഹൃദയമാണ്. നിഷ്കളങ്കമായ ഹൃദയത്തിലൂടെ നിങ്ങൾക്ക് ദൈവത്തെ കണ്ടെത്താം. അതിനുമപ്പുറം മറ്റെന്തു നേട്ടമാണ് നിങ്ങൾക്കുണ്ടാവാനുള്ളത്? അഞ്ചാമത്തെ നിധി നിങ്ങളുടെ ശരീരം തന്നെ. ശരീരമുപയോഗിച്ച് നിങ്ങൾക്ക് മറ്റുള്ളവരെ സഹായിക്കാൻ കഴിയും. പണം മാത്രമല്ല ഒരുവനെ സമ്പന്നനാക്കുന്നത്. നിങ്ങൾ ദരിദ്രനേയല്ല, സമ്പന്നനാണ്”– സൂഫി നിർത്തി.

ദരിദ്രനെന്നു ധരിച്ചെത്തിയ ആ മനുഷ്യൻ പുതിയ അറിവുകളോടെ തിരിച്ചുപോയി.

കെ.പി കേശവമേനോന്റെ ആത്മകഥ– കഴിഞ്ഞ കാലം